# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5514** **02-11-2016-ൽ മറുപടിയ്ക്ക്**

## കാരുണ്യ ബനവലന്റ് ഫണ്ട് കുടിശ്ശിക

| | ചോദ്യം<br><br>ശ്രീ. യു.ആർ. പ്രദീപ് | | മറുപടി<br><br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ ബനവലന്റ് ഫണ്ടിൽ ഉൾപ്പെടുത്തി മാരകരോഗങ്ങളുടെ ചികിത്സയ്ക്ക് ധനസഹായം അനുവദിച്ചതിന്റെ ഭാഗമായി ഏതെല്ലാം ആശുപത്രികൾക്ക് ധനസഹായം കുടിശ്ശികയായിട്ടുണ്ട്; | (എ) & (ബി) | പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ ആശുപത്രികൾക്ക് ചികിത്സയ്ക്കായി മുൻകൂറായി തുക നൽകിയിട്ടുണ്ട്. എന്നാൽ സർക്കാർ ആശുപത്രികളിൽ നിന്നും മുൻകൂറായി അനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച് ഭൂരിപക്ഷം ആശുപത്രികളിൽ നിന്നും രേഖകൾ ലഭ്യമായിട്ടില്ല. ആയതിനാൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ ആശുപത്രികളിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് മാത്രമേ സർക്കാർ ആശുപത്രികൾക്ക് കുടിശ്ശികയായി നൽകുവാനുള്ള തുക എത്രയെന്ന് വ്യക്തമാക്കുവാൻ നിർവ്വാഹമുള്ളു. കാരുണ്യ ബനവലന്റ് ഫണ്ടിൽ അക്രഡിറ്റ് ചെയ്തിട്ടുള്ള 104 സ്വകാര്യ ആശുപത്രികളിൽ 93 ആശുപത്രികൾക്ക് 24.10.2016-വരെ 27,77,90,971/-രൂപ രോഗികൾക്ക് ചികിത്സ നൽകിയ ഇനത്തിൽ കുടിശ്ശികയായി നൽകാനുണ്ട്. ഓരോ ആശുപത്രിയുടെയും പേരും, നൽകാനുള്ള തുകയും സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഓരോ ആശുപത്രിയുടെയും കുടിശ്ശികയായിട്ടുള്ള തുക പ്രത്യേകം വ്യക്തമാക്കുമോ; | | |
| (സി) | കുടിശ്ശികത്തുക കഴിവതും വേഗത്തിൽ കൊടുത്തുതീർക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ? | (സി) | കാരുണ്യ ബനവലന്റ് ഫണ്ടിന്റെ ആസ്ഥാന ഓഫീസിൽ സേവനമനുഷ്ഠിക്കുന്ന 18 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരിൽ 13 പേർ സ്വകാര്യ ആശുപത്രികളുടെ ക്ലെയിമുകൾ സംബന്ധിച്ചുള്ള ജോലികൾ ദിവസേന ചെയ്തുവരുന്നു. കൂടാതെ ഭാഗ്യക്കുറി വകുപ്പിൽ നിന്നും ഒരു അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ഓഫീസറെയും, അഞ്ച് ക്ലാർക്കുമാരേയും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ കാരുണ്യ ബനവലന്റ് ഫണ്ടിന്റെ ആസ്ഥാന ഓഫീസിൽ കുടിശ്ശിക ജോലികൾ നിർവ്വഹിക്കുന്നതിന് വേണ്ടി മാത്രം അധികമായി നിയോഗിച്ചിട്ടുണ്ട്.<br>കുടിശ്ശിക തുക മുഴുവനായും കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**